(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1101) 1998-99-ലെ മത്സ്യ ലഭ്യത

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-99-ൽ സംസ്ഥാനത്ത് കടലിൽ നിന്നും പിടിച്ച മത്സ്യം എത്ര മെട്രിക് ടൺ വരും എന്ന് വ്യക്തമാക്കുമോ;

(ബി) ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ കടലിൽനിന്നും ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന മത്സ്യ സമ്പത്ത് എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) 1998-99-ലെ കണക്ക് തിട്ടപ്പെടുത്തിക്കഴിഞ്ഞില്ല.

(സി) 5.50 ലക്ഷം മെട്രിക് ടൺ

2 (1102) കടലിനടിയിലെ മത്സ്യേതര വിഭവങ്ങൾ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സമുദ്രഭാഗത്തെ മത്സ്യേതര വിഭവങ്ങളെ സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്താൻ ഏതെങ്കിലും സമിതിയോ സംസ്ഥാന സർക്കാർ നേരിട്ടോ അന്തർദേശീയ ഏജൻസികളുമായി സഹകരിച്ചോ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഔഷധ പ്രാധാന്യമുള്ള വസ്തുക്കൾ കടലിനടിയിൽ ലഭ്യമാകുന്നു എന്ന കണ്ടുപിടിത്തങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കടലിനടിയിലെ അമൂല്യ വസ്തുക്കൾ മറ്റു വികസിത രാജ്യങ്ങൾ കൊള്ളയടിക്കാനുള്ള സാദ്ധ്യത കണക്കിലെടുത്ത് ഈ ഭീഷണി നേരിടുന്നതിന് സംസ്ഥാന ഗവൺമെന്റ് ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) ഇതു സംബന്ധിച്ചുള്ള ഗവേഷണപഠനങ്ങൾ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണസ്ഥാപനത്തിൽ നടന്നുവരുന്നു.

(സി) ഇപ്രകാരമുള്ള എന്തെങ്കിലും സാദ്ധ്യതകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

3 (1103) ട്രോളിംഗ് നിരോധനം

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിരുന്നത് എത്ര ദിവസത്തേയ്ക്കായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ ട്രോളിംഗ് ശാശ്വതമായി നിരോധിക്കുവാനുള്ള എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 45 ദിവസത്തേക്ക്

(ബി) ഇല്ല

(സി) ബാധകമല്ല.

4 (1104) കടലിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാൻ നടപടി

ശ്രീ. കെ. ബാബു :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമുദ്രസമ്പത്ത് വർദ്ധിപ്പിക്കുവാൻ കടലിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ടോ;

(ബി) ഇതിന് ഓരോ വർഷവും എന്ത് സംഖ്യ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഇതുമൂലം എത്ര കോടി രൂപയുടെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുവാൻ കഴിയും എന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്;

(ഡി) ഇതുമൂലം എത്ര കോടി രൂപയുടെ മത്സ്യ സമ്പത്ത് വർദ്ധിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1997-98 - 6.69 ലക്ഷം രൂപ
1998-99 - 5 ലക്ഷം രൂപ

(സി) 1 കോടി രൂപയുടെ

(ഡി) ഇതു സംബന്ധിച്ച ആധികാരിക പഠനങ്ങൾ നടന്നിട്ടില്ല.

5 (1105) മത്സ്യലഭ്യതയുടെ കാര്യത്തിൽ സ്വയം പര്യാപ്തത

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യലഭ്യതയുടെ കാര്യത്തിൽ സംസ്ഥാനം സ്വയം പര്യാപ്തമാണോ;

LIBRARY ARCHIVES Kerala Legislative Assembly